**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 766** **14-01-2021 - ൽ മറുപടിയ്ക്ക്**

**വൈപ്പിൻ മണ്ഡലത്തിലെ പട്ടികജാതി സ്വയംപര്യാപ്ത കോളനികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എസ്. ശർമ്മ** | | **Shri A. K. Balan**<br>**(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെൻററികാര്യവും വകുപ്പമന്ത്രി)** | |
| (എ) | ഈ സർക്കാർ വന്നതിന് ശേഷം വൈപ്പിൻ നിയോജക മണ്ഡലത്തിൽ പട്ടികജാതി സ്വയംപര്യാപ്ത കോളനികൾക്കായി നടപ്പാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്നും അതിനായി ചെലവഴിച്ച തുക എത്രയെന്നും വ്യക്തമാക്കാമോ; | (എ) | വൈപ്പിൻ നിയോജ മണ്ഡലത്തിൽ നിന്നും സ്വയംപര്യാപ്ത ഗ്രാമം പദ്ധതി പ്രകാരം കോളനികളെ തെരഞ്ഞെടുത്തിട്ടില്ല. അംബേദ്കർ ഗ്രാമ വികസന പദ്ധതി പ്രകാരം OLH കോളനി, IHDP കോളനി എന്നീ കോളനികളെ തെരഞ്ഞെടുത്തിട്ടുണ്ട്. OLH കോളനികൾക്ക് രണ്ട് ഗഡുക്കളായി 79,81,722/- രൂപയും IHDP കോളനിയ്ക്ക് 50 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. |
| (ബി) | ഏതൊക്കെ പദ്ധതികളാണ് പൂർത്തീകരിച്ചിട്ടുള്ളതെന്നും ഇനിയും പൂർത്തീകരിക്കാനുള്ളവ ഏതൊക്കെയെന്നും വിശദമാക്കാമോ; പ്രസ്തുത പദ്ധതികളിൽ ഏതെങ്കിലും നടപ്പിലാക്കുന്നതിൽ തടസ്സങ്ങളുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ? | (ബി) | OLH കോളനിയുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. IHDP കോളനിയിൽ 65% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. കമ്മ്യൂണിറ്റി ഹാൾ നിർമ്മാണത്തിനായി സ്ഥലം ലഭ്യമാകാത്തതിനാൽ ആയത് നടപ്പാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ